കൊച്ചിയിൽ കെ. എസ്. ഐ. ഡി. സി. യുടെ സഹായത്തോടെ നടപ്പിലാക്കിവരുന്ന ചില പദ്ധതികൾ മുഖേന ഏകദേശം 437 പേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്. കൊച്ചിയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റു വൻകിട പദ്ധതികൾ മുഖേന എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്ന് ഇപ്പോൾ വ്യക്തമല്ല.

കൊച്ചി ദുബായ് കപ്പൽ സർവ്വീസ്

111. [111] ശ്രീ. ലൂഡി ലൂയിസ്:

,, കെ. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ദുബായ് കപ്പൽ സർവ്വീസ് ആരംഭിക്കുവാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുവരെയായി എന്നു പറയുമോ;

(സി) മറ്റാരെങ്കിലും ദുബായ്-കൊച്ചി കപ്പൽ സർവീസ് ആരംഭിക്കുന്നുണ്ടോ?

ഉത്തരം

(എ, ബി) വിവരം ലഭ്യമായിട്ടില്ല. വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഉണ്ട്. കൊച്ചി—ദുബായ് കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് ദുബായിലെ മാർകോ ഷിപ്പിംഗ് ഏജൻസി (LLC) യും കൊച്ചിൻ പോർട്ട് ട്രസ്റ്റും ധാരണാ പത്രം ഒപ്പിട്ടിട്ടുണ്ട്.

ഇൻഡ്യാ ഇൻഷ്വറൻസ് ഫൈനാൻസ് കമ്പനി ലിമിറ്റഡിൽ നിന്നുമുള്ള സാമ്പത്തിക സഹായമുപയോഗിച്ച് പശ്ചാത്തല വികസനം

112. [112] ശ്രീ. ടി. യു രാധാകൃഷ്ണൻ:

,, പ്രൊഫ. എ. ഡി. മുസ്തഫ:

,, ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചാത്തല വികസനത്തിനുള്ള പദ്ധതികൾക്കു വേണ്ടി ഇൻഡ്യാ ഇൻഷ്വറൻസ് ഫൈനാൻസ് കമ്പനി ലിമിറ്റഡ് എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് ഒരു പുതിയ കമ്പനി രൂപീകരിച്ച കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ കമ്പനിയുടെ പരിപാടിയിൽ ഏതെല്ലാം വിധത്തിലുള്ള വികസനമാണ് വരുന്നത്;

(സി) ഈ കമ്പനിയിൽ നിന്ന് സാമ്പത്തികസഹായം സ്വീകരിച്ച് രൂപം കൊടുക്കേണ്ട പശ്ചാത്തല വികസനത്തെപ്പറ്റി ആലോചിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly